# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

നമ്പർ :എസ്.എ1-6595/2022 തീയതി: 15/07/2022

## ക്വട്ടേഷൻ നോട്ടീസ്

കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ്, അൺ അറ്റാച്ച് ഡ് വിഭാഗം ആസ്ഥാന ഓഫീസ് / ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ഓഡിറ്റ് റിപ്പോർട്ട്, കമ്മിറ്റി/സബ് ഓഫീസ് കൺസോളിഡേഷൻ റിപ്പോർട്ട്, ഓൾ കേരള കൺസോളിഡേഷൻ റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിലേയ്ക്കായുള്ള ഓഡിറ്റ് ജോലികൾക്കായി 2021-2022 സാമ്പത്തിക വർഷത്തിലേയ്ക്ക് ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**ഓഡിറ്റേഴ്സ് പാലിക്കേണ്ടവ**

1. 2021-2022 വർഷത്തെ ഓഡിറ്റ് ബോർഡ് ഓഫീസിലും, 15 കമ്മിറ്റി ഓഫീസിലും, 106 സബ് ഓഫീസുകളിലും (ആകെ 122) നേരിട്ട് ഹാജരായി നടത്തേണ്ടതും ഓഡിറ്റ് റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.
    a) ഓഡിറ്റേഴ്സ് കമന്റ്സ്
    b) ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്
    c) ബാലൻസ് ഷീറ്റ്
    d) ചെക്ക് ലിസ്റ്റ്
    e) ആകെ വേതനം
    f) തൊഴിലാളികളുടെ എണ്ണം
    g) ക്ഷേമാനുകൂല്യങ്ങളും ഗുണ ഭോക്താക്കളുടെ എണ്ണവും
    h) സ്ഥിര നിക്ഷേപം സംബന്ധിച്ച വിശദാംശം.
    i) വിവിധ ശീർഷകങ്ങളുടെ വിശദാംശം അടങ്ങിയ ഷെഡ്യൂളുകൾ
    j) ആസ്ഥാന ഓഫീസ്/കമ്മിറ്റി/സബ് ഓഫീസ് ഓഡിറ്റ് റിപ്പോർട്ട്
    k) കമ്മിറ്റി/സബ് ഓഫീസ് കൺസോളിഡേഷൻ റിപ്പോർട്ട്
    l) ഓൾ കേരള കൺസോളിഡേഷൻ റിപ്പോർട്ട്
    m) ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ
    n) ഇൻകം ടാക്സ് ആക്ട് സെക്ഷൻ 197 പ്രകാരമുള്ള റ്റി.ഡി.എസ്. എക്സംപ്ഷനും അതിനു വേണ്ടിയുള്ള തുടർ നടപടികളും.

    ഇവ ഉൾപ്പെടുത്തി മുൻ കാലങ്ങളിലെ റിപ്പോർട്ടുകളുടെ മാതൃകയിൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

2. ഓഡിറ്റ് ജോലികൾ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കേണ്ടതും, 60 ദിവസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് ബോർഡിൽ സമർപ്പിക്കേണ്ടതുമാണ്. ടി റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതിനാൽ, റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വരുത്തുന്ന പക്ഷം റിപ്പോർട്ട് സമർപ്പിക്കേണ്ട തീയതി മുതൽ കാലതാമസം വന്ന ദിവസങ്ങൾ കണക്കാക്കി ഓഡിറ്റ് ഫീസിന്റെ 4% പ്രതിമാസ നിരക്കിൽ ഓഡിറ്റ് ഫീസിൽ നിന്നും പിഴ ഈടാക്കുന്നതാണ്.
3. റിപ്പോർട്ടും, ആയതിന്റെ പേജ് മേക്കറിൽ / **MS Word** ൽ തയ്യാറാക്കിയ സി.ഡി.യും (റിപ്പോർട്ടിന്റെ 3 വീതം പകർപ്പുകൾ ) ആസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

4. ഓഡിറ്റ് ഫീസും, സർവ്വീസ് ടാക്സും ഉൾപ്പെടെയുള്ള തുക ക്വാട്ട് ചെയ്യേണ്ടതാണ്.

5. ഓഡിറ്റിനെ കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് എറണാകുളം എസ്.ആർ.എം.റോഡിലുള്ള ബോർഡ് ആസ്ഥാന ഓഫീസിൽ പ്രവൃത്തി സമയത്ത് ഓഡിറ്റ് വിഭാഗം അക്കൗണ്ട്സ് ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

6. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന ദിവസം 25.07.2022 തീയതി പകൽ 5.00 മണി വരെയാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷൻ നിരസിക്കുന്നതാണ്.

7. തിരഞ്ഞെടുക്കപ്പെടുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനം ബോർഡ് നിർദ്ദേശിക്കുന്ന വ്യവസ്ഥകളും, മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ കരാറിൽ ഏർപ്പെടേണ്ടതാണ്.

8. ക്വട്ടേഷൻ സാധാരണ കവറിൽ അടക്കം ചെയ്ത് ഒട്ടിച്ച് കവറിന് മുകളിൽ" **Quotation for** Appointment of Chartered Accountant-2021-2022" എന്ന് രേഖപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവിന്റെ പേരിൽ നേരിട്ടോ തപാൽ മുഖേനയോ നൽകേണ്ടതാണ്.

9. ക്വട്ടേഷനുകൾ സ്വീകരിക്കുവാനും, മുഴുവനായോ, ഭാഗികമായോ തള്ളിക്കളയാനുമുള്ള എല്ലാ അധികാരവും ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാണ്.

ഒപ്പ്

**ചീഫ് എക്സിക്യൂട്ടീവ്(I/C)**

എറണാകുളം
..../07/2022

**ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം**

ചീഫ് എക്സിക്യൂട്ടീവ്
കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്
എസ്.ആർ.എം.റോഡ്
എറണാകുളം- 682 018
ഫോൺനമ്പർ - 0484 2401448, 0484 240 1990
ഇ-മെയിൽ- **khwwboard@gmail.com**
വെബ്സൈറ്റ്- **www.khwwb.org**

പകർപ്പ്:

ചാർട്ടേഡ് അക്കൗണ്ട് സ്ഥാപനങ്ങൾക്ക്.
നോട്ടീസ് ബോർഡ്
ബോർഡിന്റെ വെബ്സൈറ്റ്

//ആജ്ഞാനുസരണം//

KERALA HEADLOAD WORKERS WELFARE BOARD * ERNAKULAM

അക്കൗണ്ട്സ് ഓഫീസർ